

INDIAN CATHOLIC COMMUNITY

Tivoligasse 20, A-1120 Vienna, Austria, Tel: +43 1 8174206 Mobile: 06991196671

ഇന്ത്യൻ കത്തോലിക്കാ സമൂഹം വിയന്ന



**ICC Bulletin Vol. 11. 2** **www.iccvienna.org** **April-May-June 2016**


# Message of the Chaplain

''എന്റെ ജനമെ, നിങ്ങൾ എവിടെയാ? എന്റെ സ്നേഹത്തിന്റെ ദിവ്യകാരുണ്യ അമൃതവും നിങ്ങളോടുകൂടിയുള്ള എന്റെ മലയാളിശരീരത്തിന്റെ കൂട്ടായ്മയും നിങ്ങൾക്ക് വേണ്ടെന്നോ?'' ഞായറാഴ്ചകളിൽ വിയന്നായിലെ മലയാളി ക്രിസ്ത്യാനികളുടെ അന്ത:രംഗങ്ങളിലേയ്ക്ക് എത്തേണ്ട കർത്താവായ ഈശോയുടെ നിലവിളിയാണിത്. അതുയരുന്നത്, അവരുടെ സ്വന്തം ആരാധനാ വേദിയായ വിശുദ്ധ ബലിപീഠത്തിൽ നിന്നുതന്നെയാണ്. അവഗണന അനുഭവിക്കുന്ന ഈശോനാഥന്റെ നെടുവീർപ്പിന്റേയും, നൊമ്പരത്തിന്റേയും ഹൃദയധ്വനി. വചന ശുശ്രൂഷയിലൂടെയും, കൂദാശകളിലൂടെയും ആവോളം കൃപയും അനുഗ്രഹങ്ങളും സ്വീകരിക്കുവാൻ ഒട്ടേറെ വേദികളും അവസരങ്ങളും ഒരുക്കിയിട്ടും അവയെ അവഗണിച്ചുകൊണ്ട് കർത്താവിന്റെ ദിവസം സിനിമാ തീയേറ്ററുകളിലും, അടിപൊളി ആഘോഷവേദികളിലും മണിക്കൂറുകളോളം ഉല്ലസിച്ചുകഴിയുന്ന എന്റെ സ്വന്തം മലയാളി മക്കളെയോർത്ത് എനിക്ക് കരയാതെ വയ്യായെന്ന് അവഗണനയ്ക്കു പാത്രമായ മലയാളിയുടെ ഇടവകനാഥനായ ഈശോ നമ്മുടെ കണ്ണുകളിലേയ്ക്ക് നോക്കി വ്യാകുലപ്പെടുന്നുവോ?

ഇവിടെ ഏതാണ്ട് മൂവായിരത്തോളം മലയാളി ക്രിസ്ത്യാനികൾ ഉണ്ടെന്നാണ് കണക്ക്. അവർക്കുവേണ്ടി കർത്താവിന്റെ ദിവസം അഞ്ച് ദേവാലയങ്ങളിൽ അവരുടെ ആരാധനാ സംസ്ക്കാരത്തിന്റേയും ആത്മീയ-വൈകാരീക-ശാരീരിക കൂട്ടായ്മയുടെയും തനിമയോടെ വിശുദ്ധ കുർബ്ബാന അർപ്പിക്കുവാനും, അനുഭവിക്കുവാനും വിശുദ്ധ ബലിപീഠങ്ങൾ ഒരുക്കുന്നുണ്ട്. എന്നാൽ ഇവിടെയുള്ള 2600 സീറോ മലബാർ സഭാംഗങ്ങൾക്കുവേണ്ടി ലഭ്യമാക്കുന്ന രണ്ട് ദിവ്യകാരുണ്യ വേദികളിലേയ്ക്ക് ഞായറാഴ്ചകളിൽ എത്തുന്നത് ഏകദേശം നാൽപത് ശതമാനം സീറോ മലബാർ സഭാംഗങ്ങളാണ്. ഇവിടത്തെ മലങ്കര കത്തോലിക്കാ സഭാംഗങ്ങളുടേയും, ഓർത്തഡോക്സ് സഭാംഗങ്ങളുടേയും വിശുദ്ധ കുർബ്ബാനാ വേദികളിലേയ്ക്ക് എത്തുന്നതും മണിക്കൂറുകളോളം അവിടെ നാഥനായ യേശുവിനോടൊപ്പം കൂട്ടായ്മ അനുഭവിക്കുന്നതും ഏതാണ്ട് തൊണ്ണൂറ് ശതമാനത്തിൽ കൂടുതലാണ്.

ഇവ നൽകുന്ന സൂചന, പൈതൃക വിശ്വാസത്തിന്റേയും തനതായ ആരാധനാ സംസ്ക്കാരത്തിന്റേയും **ആത്മീയബോധം** ഗണ്യമായി കുറഞ്ഞ് അപ്പസ്തോലിക വിശ്വാസവും, കൂദാശാ ജീവിതവും അതിവേഗം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന യൂറോപ്യൻ സെക്കുലർ പ്രവണതകൾക്ക് വിധേയരാകുന്നത് ഏറ്റവുമധികം ഇവിടത്തെ സീറോ മലബാർ സഭാംഗങ്ങൾ തന്നെയാണ്. അവരെ ഓർത്തിട്ട് സീറോ മലബാർ സഭയുടെ ആരാധനാ പൈതൃകത്തിലൂടെ ദിവ്യകാരുണ്യശരീരമായി അവരുടെ രണ്ട് ബലിപീഠങ്ങളിൽ സന്നിഹിതനാകുന്ന ഈശോ ഹൃദയം തകർന്ന് കരയുകയാണോ!!! അങ്ങനെയെങ്കിൽ, ഇവിടത്തെ മലയാളി ക്രൈസ്തവരുടെ വിശ്വാസത്തിന്റേയും, ദൈവസ്നേഹത്തിന്റേയും, സാഹോദര്യത്തിന്റേയും ഏറ്റവും പ്രധാനമായ ആവിഷ്ക്കാരവും, പ്രേഷിതദൗത്യവും കർത്താവിന്റെ സ്വന്തം ദിവസമായ ഞായറാഴ്ചകളിൽ, സാധിക്കുന്ന സകല മലയാളികളേയും അവരുടെ പൈതൃക ആരാധനാ വേദിയായ മദ്ബഹായിൽ അവർക്കുവേണ്ടി കൊതിയോടെ കാത്തിരിക്കുന്ന കർത്താവിങ്കലേയ്ക്ക് ആനയിക്കുക എന്നുള്ളതാണ്. അതിനേക്കാൾ മഹത്തായ മറ്റൊരു യൂറോപ്യൻ മിഷൻ ഇല്ല.

ആയതിനാൽ, തെറ്റിദ്ധാരണകളും, മുൻവിധികളും, ദുഷ്പ്രചരണങ്ങളും ഉപേക്ഷിച്ച്, ഞായറാഴ്ചകളിൽ ഇവിടെയുള്ള മലയാളി കത്തോലിക്കാ വിശ്വാസികൾ ഒരാൾപോലും മുടക്കം കൂടാതെ സ്വന്തം പൈതൃകസഭയുടെ ദിവ്യകാരുണ്യ വേദികളിൽനിന്നും കൗദാശിക കൃപയുടെ ഊർജ്ജവും, ശക്തിയും, അനുഗ്രഹങ്ങളും സ്വീകരിച്ച് തലമുറകളോളം ജീവന്റെ സമൃദ്ധി നേടുക. ഗൗരവമായ ഈ ഉത്തരവാദിത്വം അവഗണിച്ച് ഈശോയെ ഇനിയും നൊമ്പരപ്പെടുത്താതിരിക്കുക.

ഞായറാഴ്ചകളിൽ മരിയ ലൂർദ്ദിലും, സ്റ്റാഡ്ലവ് ചാപ്പലിലും നടത്തുന്ന സീറോ മലബാർ കുർബ്ബാന കർശനമായ സമയനിഷ്ഠ പാലിച്ചാണ് നടത്തുന്നത്. കർത്താവിന്റെ മരണമൊഴിയനുസരിച്ച് ***ഒരു മണിക്കൂറെങ്കിലും*** എന്ന കാഴ്ചപ്പാടോടെ വിശുദ്ധ കുർബ്ബാനയും പിന്നീട് പതിനഞ്ച് മിനിറ്റിൽ ഇടവക നിയോഗ പ്രാർത്ഥനയും, അറിയിപ്പുകളും തീരത്തക്കവിധമാണ് ക്രമപ്പെടുത്തിയിരിക്കുന്നത്. ഇക്കാര്യം കുർബ്ബാനയിൽ ശുശ്രൂഷചെയ്യുന്നവർ ശ്രദ്ധിക്കണം. ഗാനങ്ങൾ ആവശ്യത്തിന്മാത്രം പാടിയാൽ മതിയെന്ന് പിതാക്കന്മാർ നിർദ്ദേശിച്ചിട്ടുണ്ട്. അവർ തയ്യാറാക്കിയിരിക്കുന്ന ഗാനങ്ങൾ, ഉദാഹരണമായി, **കാഴ്ചവെയ്പിന്**: *''മിശിഹാ കർത്താവിൻ തിരുമെയ്..*; **ഓശാനായ്ക്ക്**: *''ദൈവം നിത്യമഹത്വത്തിൻ കർത്താ...*; **ആരാധനാഗീതമായി**: *''രക്ഷകനീശോതൻ ശിഷ്യരെ..* എന്നിവ പാടുന്നതാണ് ലിറ്റർജിക്കൽ പാരമ്പര്യമനുസരിച്ച് ഏറ്റവും ഉചിതം. വിശുദ്ധ കുർബ്ബാനയ്ക്കുശേഷം വളരെ അത്യാവശ്യമായി പോകേണ്ടവർക്ക് ശാന്തമായി, മറ്റുള്ളവർക്ക് അരോചകമാകാതെ പോകാവുന്നതാണ്. ഒരു കാരണവശാലും പള്ളിയിലിരുന്ന് പിറുപിറുത്ത് ദിവ്യകാരുണ്യനാഥനെ നൊമ്പരപ്പെടുത്തരുത്. ദയവായി, ലാറ്റിൻ സഭയുടെ ബലിയർപ്പണസമയം മാനദണ്ഡമായി ഉപയോഗിച്ച് മലബാർ സഭയുടേയും, മലങ്കര സഭയുടേയും വിശുദ്ധ കുർബ്ബാനയെ അവഹേളിക്കരുത്.

## Please note the following Guidelines

## 1. Norms and Procedure of the Appointment of the ICC Catechism Teachers

സഭാമക്കളുടെ വിശ്വാസ–മത പരിശീലനം മാതൃസഭയുടെ കൂട്ടായ ഉത്തരവാദിത്ത്വവും, ദൗത്യവുമാണ്. യഥാർത്ഥ മതബോധകൻ പരിശുദ്ധാത്മാവുതന്നെയാണ്. അവിടത്തേയ്ക്കുവേണ്ടിയുള്ള ശുശ്രൂഷയാണ് പുരോഹിത സമർപ്പണവും അവയിലെ പരോക്ഷ പങ്കാളിത്തമായ മതബോധന ശുശ്രൂഷകളും. ആ ദൗത്യം ഏറ്റെടുക്കുന്നവർ അതീവ ഗൗരവമായിവേണം ആ ഉത്തരവാദിത്ത്വം സ്വീകരിക്കുവാൻ. ആയതിനാൽ നമ്മുടെ മലയാളി കത്തോലിക്കാ ഇടവകയിൽ മതബോധനത്തിനായി അദ്ധ്യാപകരെ നിയോഗിക്കുമ്പോൾ താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

***1. Requirements of Catholic Faith***: a). Apostolic Faith of the Catholic Church, b). Acceptance of the Dogmas of the Catholic Faith; c). Loyalty and Respect to the Catholic Church; d). Sense of Communion and Trust with the Local Parish (ICC). These are required from Catechism Teachers.

***2. Personal Profile: a).*** Spirit of commitment to the entrusted Catechetical tasks; b) Friendly attitude to children and youth; c). Ability to work up other teachers-colleagues in the local unit; d). Free from public scandals and public controversies; e). Openness and readiness to accept the sacramental, liturgical and catechetical guidance and exhortations of the local Parish authority (Parish Priest). Eligibility of the candidates for the Catechism teaching.

***3. Procedure of Nomination, Selection and Appointment:*** Those who are above the age of 18 and can fulfil the above-mentioned requirements may give their names to the Chaplain, Assistant Chaplain, Catechism Director or Assistant Director for the Catechetical teaching service. These persons will be introduced to the local units to see whether these candidates can work faithfully, honestly and earnestly with the team of teachers of the respective local unit. If they are eligible in that sense, they will be presented in the ICC Parish Committee by the ICC Chaplain and see whether there is any serious hindrances existing for the appointment of them. After due consultation and advice at this forum and if the eligibility norms are fulfilled positively, the Chaplain makes a tentative appointment of the Candidate as being an ICC Catechism Teacher for 6 months. That will be announced at the Community Mass on Sundays. If the members of the ICC raise no serious objection in the light of the above-given guidelines, the Chaplain will announce the final appointment of the Catechism teacher. The Catechism Director will be the Coordinator for the above-mentioned process leading to the final appointment of the ICC Catechism Teachers.

***പ്രത്യേകം ശ്രദ്ധിക്കുക***: വിശുദ്ധ കൂദാശകളേയും, മതബോധനത്തേയും സംബന്ധിച്ചുള്ള കത്തോലിക്കാ സഭയുടെ നിർദ്ദേശങ്ങളും, ആഹ്വാനങ്ങളും വൈദീകരിലൂടെ നൽകപ്പെടുമ്പോൾ അവയെ പ്രകടമായി നിഷേധിക്കുകയോ, സ്വീകരിക്കാതിരിക്കുകയോ ചെയ്യുന്നവർ നിശ്ചയമായും മതാദ്ധ്യാപക ടീമിൽ അംഗമായിരിക്കാൻ പാടില്ല. എന്നാൽ മാനുഷീകമായ കുറവുകളിൽ പരിശുദ്ധാത്മാവ് അഭിഷേകശക്തി നൽകി സഹായിച്ചുകൊള്ളും.

## 11. Syro Malabar Qurbana in German Language

ഇവിടെയുള്ള മലയാളി കത്തോലിക്കാ പ്രവാസികളിൽ ഏകദേശം അറുപത്തഞ്ച് ശതമാനത്തോളം വരുന്ന ഒന്നാമത്തേയും, രണ്ടാമത്തേയും തലമുറകളിൽപ്പെടുന്നവരുടെ പ്രധാന ആശയ വിനിമയ ഭാഷ ജർമ്മനാണ്. അവരുടെ അനിഷേദ്ധ്യമായ അവകാശമാണ് തങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിൽ ആരാധന നടത്തുവാൻ അവസരമുണ്ടാവുക. ആയതിനാൽ, ഇവിടത്തെ ലോക്കൽ സഭയുടെ വ്യക്തമായ ആഹ്വാനത്തോടെയും, മാതൃസഭയായ സീറോ മലബാർ സഭയുടെ ശക്തമായ നിർദ്ദേശത്തോടെയും കുറെക്കാലത്തേയ്ക്ക് മാസത്തിൽ ഒരു പ്രാവശ്യം മാത്രം മരിയ ലൂർദ്ദിലും, സ്റ്റാഡ്ലവ് ചാപ്പലിലും സീറോ മലബാർ കുർബ്ബാന നമ്മൾ ജർമ്മൻ ഭാഷയിൽ നടത്തുന്നു. സീറോ മലബാർ സഭാംഗങ്ങൾ കുടുംബസമേതം അവയിൽ പങ്കെടുത്ത് തങ്ങളുടെ ആരാധനാ സംസ്ക്കാരത്തിന്റെ കൃപയും, സമ്പത്തും തങ്ങളുടെ തലമുറകളിലേയ്ക്ക് പകരുക എന്നത് മാതാപിതാക്കളുടെ ഗൗരവമായ ഉത്തരവാദിത്ത്വവും പരിശുദ്ധാത്മാവിന്റെ ദൗത്യത്തിലുള്ള പങ്കാളിത്ത്വവുമാണ്.

### Main Events of the ICC in May and June 2016

1. ICC First Communion on 1st May at 11. 30 hrs. in Maria Lourdes
2. Youth Festival Dance Competition on 7th May starting at 13. 00 hrs. in Veranstaltung Zentrum, Floridsdorf.
3. ICC Firmung (Confirmation) on 15th May at 11. 30 hrs. in Maria Lourdes
4. Laity Representative Meeting (only LRM members) on 12th June at 18. 50 hrs. in Stadlau Kapelle Hall.
5. ICC Community Day:Feast of St.Thomas, St.Alphonsa, St. Kuriakose Elias and St. Euprasyamma on 19th June, Solemn Concelebration at 15.00 hrs. Public Procession starting at 16. 30 hrs in Maria Lourdes.

**പ്രാർത്ഥനാശംസകളോടെ, തോമസ്സച്ചനും, ജോയിയച്ചനും**

*Verleger : Steephen Chevookaran, Media & Communications for the Indian Catholic Community*